**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1644** **20-06-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൂഞ്ഞാർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾക്കായി ആകെ എത്ര തുക ചെലവാക്കിയിട്ടുണ്ട്; അവയുടെ പുരോഗതി അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൂഞ്ഞാർ മണ്ഡലത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിൽ 2 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. മൈലത്തടി വാട്ടർഷെഡ് പദ്ധതി (RIDF XXII) 132.41 ലക്ഷം രൂപ ചെലവഴിച്ചു.<br>2. ചെറുമല പാലയ്ക്കാത്തടം വാട്ടർഷെഡ് പദ്ധതി (RIDF XXV) 145.88 ലക്ഷം രൂപ ചെലവഴിച്ചു. |
| (ബി) | പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തുന്നതിനായി പുതിയതായി എത്ര അപേക്ഷകൾ മണ്ഡലത്തിൽ നിന്ന് ലഭിച്ചിട്ടുണ്ടെന്നും അതിന്റെ നിലവിലെ സ്ഥിതി എന്തെന്നും അറിയിക്കാമോ? | (ബി) | ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പൂഞ്ഞാർ മണ്ഡലത്തിൽ നിന്നും പുതിയ അപേക്ഷകൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ